I/51869/2024

**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയംഹയർ സെക്കന്ററി വിഭാഗം ,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം ,
e-mail Id : dirdhse.dge@kerala.gov.in
Phone No : 0471 2325868

**എച്ച്.എസ്.ഇ/5034/2023 – എഡി സി6** **തീയതി :** 28-02-2024

## പരിപത്രം

വിഷയം:- പൊ.വി.വ – ഹ.സെ.വി – ഹയർ സെക്കന്ററി അധ്യാപകരുടെ പൊതുസ്ഥലംമാറ്റം 2023-24 – ട്രാൻസ്ഫർ ലഭ്യമായ അധ്യാപകർ പരീക്ഷാഡ്യൂട്ടി നിർവ്വഹിക്കുന്നത് – സംബന്ധിച്ച്.

സൂചന :- 1. 16/02/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
2. ഒ.എ 314/2024 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21/02/2024 തീയതിയിലെ ഉത്തരവ്
3. 22/02/2024 തീയതിയിലെ ഇതേ നമ്പർ പരിപത്രം

സൂചന (1) ഉത്തരവ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ 2023-2024 പൊതുസ്ഥലംമാറ്റ ഉത്തരവിലെ Home station & Others options – final other transfer list- final എന്നീ ലിസ്റ്റിൽ ഉൾപ്പെട്ട അധ്യാപകരുടെ ട്രാൻസ്ഫർ നടപടികൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സൂചന (2) ഉത്തരവ് തീർപ്പാക്കുന്നത് വരെ നിർത്തിവച്ചിരിക്കുന്നതായി സൂചന (3) പ്രകാരം അറിയിച്ചിരുന്നു. മേൽ ലിസ്റ്റുകളിൽ ഉൾപ്പെട്ട ട്രാൻസ്ഫർ ലഭിച്ച സ്കൂളിൽ ജോയിൻ ചെയ്യാൻ സാധിക്കാത്തതും, സൂചന (2) കോടതി വിധി വന്നതിനാൽ നിലവിലെ സ്കൂളിൽ നിന്ന് റിലീവ് ചെയ്യുവരായ അധ്യാപകരും നിലവിൽ പരീക്ഷാഡ്യൂട്ടി ലഭിച്ചിരിക്കുന്ന സ്കൂളുകളിൽ പരീക്ഷാ ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്. പ്രസ്തുത അധ്യാപകർക്ക് പരീക്ഷാഡ്യൂട്ടി ചെയ്യുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പൽ അനുമതി നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട സർവ്വീസ് വിഷയങ്ങൾ പരിശോധിച്ച് കോടതി വിധിക്ക് വിധേയമായി തുടർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായിരിക്കും.

Signed by
Shanavas S Ias
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
Date: 28-02-2024 20:11:21

I/51869/2024